# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1723     **10/02/2020** -ലെ മറുപടിയ്ക്ക്

## എം.ജി. സർവ്വകലാശാലയിലെ എം.കോം. വൈവ പരീക്ഷയിൽ മാർക്ക് ദാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ടി.ജെ. വിനോദ്** | **ഡോ.കെ.ടി.ജലീൽ**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | എം.ജി. സർവ്വകലാശാലയിലെ സ്വാശ്രയ കോളേജുകളിലെ എം.കോം വൈവ പരീക്ഷയിലെ മാർക്ക് ദാനം സംബന്ധിച്ച് പരീക്ഷ ബോർഡ് ചെയർമാന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | മാർക്ക് ദാനം നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എം.ജി സർവ്വകലാശാല യുടെ കീഴിലുള്ള രണ്ട് കോളേജുകളിലെ എം.കോം കോഴ്സിന്റെ ആദ്യ മൂന്ന് സെമസ്റ്ററുകളിലെ എഴുത്തുപരീക്ഷകളിലും പരാജയപ്പെട്ടവരും, താഴ്ന്ന ഗ്രേഡായ ബി, സി എന്നിവ ലഭിച്ചവരുമായ വിദ്യാർത്ഥി കൾക്ക് നാലാം സെമസ്റ്ററിലെ വൈവ പരീക്ഷയിലും, പ്രോജക്ട് മൂല്യനിർണ്ണയ ത്തിലും ഉയർന്ന ഗ്രേഡുകൾ നൽകിയിരിക്കുന്നതായി എം.കോം പരീക്ഷാ ബോർഡ് ചെയർമാൻ അഭിപ്രായപ്പെടുകയുണ്ടായി. |
| (ബി) | എം.കോം ടാക്സേഷൻ പരീക്ഷ യിൽ സിലബസിലില്ലാത്ത ചോദ്യം വന്നതിനെത്തുടർന്ന് പരീക്ഷ റദ്ദാക്കി പുതിയ പരീക്ഷ നടത്തിയിരുന്നോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത പരീക്ഷയുടെ ഫലം ബോർഡ് ചെയർമാൻ ഒപ്പുവച്ച് അംഗീകരിക്കാതെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നോ; | (സി) | എം.കോം ഫിനാൻസ് പരീക്ഷയുടെ രണ്ടു കോളേജുകളിലെ പരീക്ഷാ ഫലം ഒപ്പ് വച്ച് അംഗീകരിക്കാൻ ബോർഡ് ചെയർമാൻ വിസമ്മതിച്ചതിനെ തുടർന്ന് തടഞ്ഞുവെയ്ക്കുകയും പിന്നീട് സർവ്വകലാശാല നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ **31/10/2019** ൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. |
| (ഡി) | പ്രസ്തുത പരീക്ഷ ഫലം പിൻവലിക്കേണ്ട സാഹചര്യം ഉണ്ടായോ എന്ന് അറിയിക്കാമോ; | (ഡി) | ഉണ്ടായിട്ടില്ല. |
| (ഇ) | പരീക്ഷാ ബോർഡ് ചെയർമാനെ തൽസ്ഥാനത്ത് നിന്നും മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ ? | (ഇ) | മാറ്റിയിരുന്നു; കോട്ടയം ബസേലിയസ് കോളേജിൽ പ്രവർത്തിച്ചിരുന്ന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിലെ ചീഫ് എക്സാമിനർ ആയിരുന്ന ശ്രീ. ബിനോ തോമസ്, അസോസിയേറ്റ് പ്രൊഫസർ, ബി.എ.എം കോളേജ് തുരുത്തിക്കാട്, ക്യാമ്പ് അധികാരികളുടേയോ, സർവ്വകലാശാല അധികാരികളുടേയോ അനുവാദമില്ലാതെ **11/12/2019 -** ൽ മാധ്യമ പ്രവർത്തകരുടെ മുമ്പിൽ സർവ്വകലാശാലയെ അപകീർത്തിപ്പെടുത്തുന്ന രീതിയിലും മൂല്യനിർണ്ണയ ക്യാമ്പിന്റെ രഹസ്യാത്മകത ലംഘിക്കുന്ന രീതിയിലും പെരുമാറിയതായി പരാതി ലഭിച്ചതിനെത്തുടർന്ന് പ്രാഥമിക അന്വേഷണം നടത്തിയ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൻ പ്രകാരം ശ്രീ. ബിനോ തോമസിനെ പരാമർശിത കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിന്റെ ചീഫ് എക്സാമിനർ സ്ഥാനത്തു നിന്നും, മറ്റ് പരീക്ഷാ ചുമതലകളിൽ നിന്നും മാറ്റി നിർത്തിക്കൊണ്ട് ഉത്തരവായി. |

Ralesh

സെക്ഷൻ ഓഫീസർ.